# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3464** **08/11/2019 -ൽ മറുപടിക്ക്**

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>" പി.ടി.എ. റഹീം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബി.സത്യൻ | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടിൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവകലാശാലകളോ ഡിഗ്രി നൽകാൻ സ്വാതന്ത്ര്യമുള്ള സ്വയംഭരണ കോളേജുകളോ ആയിരിക്കണമെന്ന വ്യവസ്ഥയും അഫിലിയേറ്റ് ചെയ്യുന്ന സർവകലാശാലകൾ ഇല്ലാതാകുന്നതും ഉന്നത വിദ്യാഭ്യാസ രംഗത്തെ എത്തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. കരട് ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായങ്ങളും, ആശങ്കകളും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. പഠനാവശ്യങ്ങളുടെ വൈവിധ്യം വിസ്മരിച്ചുകൊണ്ട് ബഹുവൈജ്ഞാനിക ഗവേഷണ സർവ്വകലാശാലകൾ, ബഹുവൈജ്ഞാനിക ബോധന സർവ്വകലാശാലകൾ, ബഹുവൈജ്ഞാനിക സ്വയംഭരണ കോളേജുകൾ എന്നീ മൂന്ന് തരം വിജ്ഞാന സ്ഥാപനങ്ങൾ മാത്രമേ ആവശ്യമുള്ളൂ എന്നാണ് കരട് രേഖയിൽ പറഞ്ഞിട്ടുള്ളത്. രാജ്യത്തെ പല സർവ്വകലാശാലകളും പഠന ഗവേഷണ കേന്ദ്രങ്ങളും പ്രാദേശിക ആവശ്യങ്ങൾക്കും സവിശേഷ പ്രശ്നങ്ങൾക്കും സമുദായിക വിഷയങ്ങൾക്കും പരിഹാരം കാണാൻ പ്രത്യേക നിയമനിർമ്മാണം നടത്തി രൂപീകരിക്കപ്പെട്ടവയാണെന്ന കാര്യം പാടെ മറന്നുകൊണ്ടുള്ളതാണ് ഈ ശിപാർശ. അഫിലിയേറ്റിംഗ് സർവ്വകലാശാലകൾ ഇല്ലാതായാൽ ധന-മനുഷ്യ വിഭവശേഷി പങ്കുവെയ്ക്കാനുള്ള സാദ്ധ്യതകൾ ഇല്ലാതാകും. ഗ്രാമീണ - വിദൂര പ്രദേശ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെടും. സ്വയംഭരണ പദവിയുള്ള സ്ഥാപനങ്ങൾ അനിയന്ത്രിതമായി അനുവദിച്ച നൽകുന്നത് മൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും തുല്യതയും നഷ്ടമാകാനിടയുണ്ടാകുമെന്ന് കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളുടെ മേൽ സർക്കാരുകൾക്കോ, യൂണിവേഴ്സിറ്റികൾക്കോ നിയന്ത്രണമില്ലാത്ത അവസ്ഥ വരുമെന്നതിനാൽ സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് പുതുതലമുറ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, തുല്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിനും നിയമ നിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകൾ നിർത്തലാക്കുന്ന നടപടിയോട് സർക്കാർ വിയോജിപ്പ് അറിയിച്ചിട്ടുണ്ട് . അഫിലിയേറ്റഡ് കോളേജ് സംവിധാനത്തിന് എന്തൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും രാജ്യത്തെ GER വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത സംവിധാനം സഹായകരമായിരുന്നുവെന്നും അറിയിച്ചിരുന്നു. |

| | |
|---|---|
| (ബി) ഓരോ ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിനും പാഠ്യക്രമം നിശ്ചയിക്കാമെന്നതും പരീക്ഷ നടത്തി ഡിഗ്രി നൽകാ മെന്നതും സമൂഹത്തിന്റെ പൊതുതാല്പര്യത്തിനുപരി വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനിടയാക്കാനുള്ള സാധ്യത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (ബി) ബഹുവൈജ്ഞാനിക - സമ്മിശ്ര രീതിയിൽ തങ്ങളുടെ പഠന മാർഗവും കോഴ്സുകളും തെരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകലാണ് ലിബറൽ ആർട്ട്സ് സമ്പ്രദായത്തിന്റെ കാതൽ. എന്നാൽ ഇത്തരമൊരു സമ്പ്രദായം നടപ്പിലാക്കാൻ ആവശ്യമായ അക്കാദമിക - സാംസ്കാരിക പരിസരം സജ്ജമാക്കിയാലെ പഠിതാക്കളുടെ കഴിവുകൾ പൂർണ്ണാർത്ഥത്തിൽ വികസിപ്പിച്ചെടുക്കാൻ കഴിയൂ. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കെൽപ്പുള്ളവയും പൂർണ്ണമായി വികസിച്ചവയുമായ റെസിഡൻഷ്യൽ സർവ്വകലാശാലകളിൽ ഈ സമ്പ്രദായം വിജയിക്കുന്നുണ്ടാകാം. പക്ഷേ രാജ്യത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും സ്ഥിതി ഇത്തരത്തിലുള്ളതല്ല. ലിബറൽ ആർട്സ് സമ്പ്രദായം പഠനത്തിന്റെ ഗൗരവവും സത്തയും നഷ്ടപ്പെടുത്തുമെന്നും, പകുതിവെന്ത ആശയങ്ങളുമായി വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്ന സ്ഥിതി സൃഷ്ടിക്കുമെന്നും ഭയപ്പെടുന്നു. ബിരുദ പഠന കാലയളവ് നാല് വർഷമാക്കുന്നതോടെ വിദ്യാർത്ഥികളുടെ പഠനച്ചെലവ് വർദ്ധിക്കുകയും, പലരും, പ്രത്യേകിച്ച് ദുർബലവിഭാഗങ്ങളിൽപ്പെടുന്നവരും സ്ത്രീകളും വിദ്യാഭ്യാസം പൂർത്തിയാക്കാതെ സ്ഥാപനം വിടേണ്ട സ്ഥിതിയുണ്ടാകുകയും ചെയ്യും. കോളേജുകൾക്ക് ഡിഗ്രി അനുവദിച്ച് നൽകുന്നതിനുള്ള അധികാരം നൽകിയാൽ അത് അക്കാദമിക രംഗത്ത് വലിയ പ്രശ്നങ്ങൾക്കിടയാക്കുമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) ഓരോ സ്ഥാപനത്തിനും യുക്തമെന്നു തോന്നുന്ന ഫീസ് നിശ്ചയിക്കാമെന്നും പകുതി പേർക്ക് 50% മുതൽ 100% വരെ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്നുമുള്ള വ്യവസ്ഥ വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണത്തിനിടയാക്കാനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിക്കുമോ;<br>(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു നിക്ഷേപത്തിന് പ്രാധാന്യം കൽപിച്ചിട്ടില്ലാത്തത് വിദ്യാഭ്യാസം ചെലവേറിയതാക്കി സാമ്പത്തികമായി താഴെ തട്ടിലുള്ളവരെ പാർശ്വവൽക്കരിക്കാനുള്ള സാധ്യത എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കരട് നയം പരിശോധനാവിധേയമാക്കി കേന്ദ്ര സർക്കാരിനോട് സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) & (ഡി) കരട് ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. സുതാര്യമായി പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ സ്വയംഭരണം നൽകാവൂ എന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് GER വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരവും, പ്രാപ്യതയും ഉറപ്പ് വരുത്തുന്നതിനായി ദേശീയ പ്രാധാന്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായുള്ള National Research Foundation-ൽ വിവിധ വിഷയങ്ങളിലെയും വിവിധ പ്രദേശങ്ങളിലെയും വിദഗ്ധരെയും ഉൾപ്പെടുത്തണമെന്നഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചിട്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**